## പതിനാലാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *262** — **19.06.2018 ൽ മറുപടിയ്ക്ക്**

# തദ്ദേശഭരണ സ്ഥാപനങ്ങൾ അഴിമതിരഹിതവും ജനസൗഹൃദവുമാക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ.കെ. രാജൻ | | ഡോ. കെ.ടി ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ ഗ്രാമപ്പഞ്ചായത്ത് ഓഫീസുകളും നഗരകാര്യ ഓഫീസുകളും അഴിമതിരഹിതവും ജനസൗഹൃദവുമാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) | തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പുകളിലെ സ്വജനപക്ഷപാതം, അഴിമതി, സേവനങ്ങൾ നൽകുന്നതിലെ കാലതാമസം, കെടുകാര്യസ്ഥത എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികളും നിർദ്ദേശങ്ങളും നൽകുന്നതിന് ഓൺലൈനായി ഒരു പരാതി പരിഹാര സംവിധാനം എന്ന നിലയിൽ 'ഫോർ ദ പീപ്പിൾ' പദ്ധതി നിലവിലുണ്ട്. എല്ലാ ഗ്രാമപഞ്ചായത്ത് ഓഫീസുകളിലും ഗ്രാമപഞ്ചായത്തുകളിൽ നടക്കുന്ന അഴിമതിയും കാലതാമസവും അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ പൊതുജനങ്ങൾക്കായി പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. ആയത് പെർഫോർമൻസ് യൂണിറ്റ് തലത്തിൽ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്ത് ഓഫീസുകൾ അഴിമതി രഹിതവും ജനസൗഹൃദവുമാക്കുന്നതിന് ശക്തമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി വകുപ്പ് തലത്തിൽ സർക്കുലറുകൾ നൽകിയിട്ടുണ്ട്.<br><br>നഗരകാര്യ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള നഗരസഭകളിലും പൊതുജനങ്ങൾക്ക് കാണത്തക്ക രീതിയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ പരാതി നൽകുവാൻ ബോർഡുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിൻമേൽ മേഖലാ ജോയിന്റ് ഡയറക്ടർ മുഖേന അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്. കൂടാതെ നഗരസഭകളിൽ പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരാതികളും സ്വീകരിക്കുന്നതിനായി പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കെട്ടിട നിർമ്മാണത്തിന് അനുമതി നല്കുന്നതിൽ അനാവശ്യമായ കാലതാമസം വരുത്തി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നുവെന്ന പരാതി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷയിൽ ഓൺലൈൻ വഴി സേവനം ലഭ്യമാക്കുന്നതിനായി IKM വികസിപ്പിച്ചിട്ടുള്ള സങ്കേതം സോഫ്റ്റ് വെയർ ഗ്രാമപഞ്ചായത്തുകളിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. ആയതിനാൽ നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ അപേക്ഷകളിലുണ്ടാകുന്ന അനാവശ്യ കാലതാമസം ഒഴിവാക്കാൻ കഴിയുന്നുണ്ട്.<br><br>നഗരസഭകളിൽ സുതാര്യമായ നടപടിക്രമങ്ങളിലൂടെ സമയബന്ധിതമായി കെട്ടിട നിർമ്മാണ അപേക്ഷകൾ തീർപ്പാക്കുന്നതിന് ഓൺലൈൻ സംവിധാനം |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി കോഴിക്കോട് നഗരസഭയിൽ 'സുവേഗ' സോഫ്റ്റ് വെയർ സ്ഥാപിച്ചിട്ടുണ്ട്. മറ്റുള്ള നഗരസഭകളിൽ കെട്ടിട നിർമ്മാണാനുമതി അപേക്ഷകൾ ഓൺലൈൻ മുഖേന കൈകാര്യം ചെയ്യുന്നതിനും തീർപ്പാക്കുന്നതിനുമായി ഒരു Intelligent Building Plan Management System (IBPMS) സോഫ്റ്റ് വെയർ KSIDC മുഖേന വികസിപ്പിച്ചിട്ടുണ്ട്. |
| (സി) | തദ്ദേശഭരണ സ്ഥാപന ഓഫീസുകളിൽ സേവനാവകാശ നിയമം, പൗരാവകാശങ്ങൾ, വിവരാവകാശ നിയമം എന്നിവ ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കുന്നു എന്നുറപ്പുവരുത്താൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (സി) | തദ്ദേശഭരണ സ്ഥാപന ഓഫീസുകളിൽ സേവനാവകാശ നിയമം പ്രകാരം ലഭിക്കുന്ന സേവനങ്ങൾ, പൗരാവകാശ രേഖ, വിവരാവകാശ നിയമം എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മാർഗ്ഗ നിർദ്ദേശം നൽകാറുണ്ട്. ഓഡിറ്റ് നടത്തുന്ന അവസരത്തിൽ വിവരാവകാശനിയമം, സേവനാവകാശ നിയമം, പൗരാവകാശ രേഖ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുന്നത് സംബന്ധിച്ച് പരിശോധന ഉൾപ്പെടുത്താറുണ്ട്. |
| (ഡി) | ഉദ്യോഗസ്ഥരുടെ പെരുമാറ്റം സഭ്യവും മാന്യവും ആണോയെന്ന് പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങളും സഹായങ്ങളും ജീവനക്കാർ യഥാസമയം നല്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ഇ) | പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങളും സഹായങ്ങളും യഥാസമയം നൽകുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് പഞ്ചായത്ത് കാര്യാലയത്തിൽ നിന്നും ജില്ലാ ഓഫീസുകളിൽ നിന്നും ആകസ്മിക പരിശോധനകൾ നടത്താറുണ്ട്.<br><br>എല്ലാ നഗരസഭകളിലും പൊതുജനങ്ങൾക്ക് യഥാസമയം സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിലുണ്ട്. അവലോകന യോഗങ്ങൾ കൂടുമ്പോൾ നഗരസഭാ സെക്രട്ടറിമാരോട് പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങളും സഹായങ്ങളും യഥാസമയം നൽകുന്നുവെന്ന് ഉറപ്പ് വരുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നഗരസഭകളിൽ നിന്നും പൊതുജനങ്ങൾക്ക് യഥാസമയം സേവനങ്ങൾ ലഭ്യമാക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി സർപ്രൈസ് ഇൻസ്പെക്ഷൻ നടത്താറുണ്ട്. ചീഫ് ടൗൺ പ്ലാനറുടെ ഓഫീസിൽ ഹെൽപ്പ് ഡെസ്കും ഗ്രാമവികസന കമ്മീഷണറുടെ ഓഫീസിൽ ഇ-ഫയൽ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ചീഫ് എൻജിനീയറുടെ ഓഫീസിൽ സേവനവകാശ നിയമപ്രകാരമുള്ള സമയക്ലിപ്തത പാലിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ